# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2900 — 20.12.2012-ലെ മറുപടിക്ക്.

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള സ്കൂളുകളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളെ സർക്കാർ സ്കൂളുകളായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) എങ്കിൽ പ്രസ്തുത സ്കൂളുകളിലെ ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ, ട്രാൻസ്ഫർ എന്നിവയ്ക്ക് പ്രത്യേകം ലിസ്റ്റും പി.എസ്.സി മുഖേന നിയമിതരാവുന്നവർക്ക് പ്രത്യേകം സീനിയോറിറ്റി ലിസ്റ്റുമാണോ; വിശദമാക്കുമോ;<br><br>(ഡി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ നിയമിതരാകുന്ന ടീച്ചിംഗ്, നോൺ ടീച്ചിംഗ് വിഭാഗം ജീവനക്കാരെ ഒഴിവുള്ള മറ്റ് സർക്കാർ സ്കൂളുകളിലേക്ക് സ്ഥലം മാറ്റുന്നതിന് അനുവാദമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ? | <u>(സി) യും (ഡി) യും</u><br>20.01.2012-ലെ ജി.ഒ. (പി) നം. 20/2012/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ ഒരു കോമൺ പൂളായി നിലനിർത്തുകയും പി.എസ്.സി മുഖേനയല്ലാതെ പഞ്ചായത്ത് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി അവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ കണക്കാക്കി കോമൺ പൂളിനായി ഒരു പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത കോമൺ പൂളിലുണ്ടാകുന്ന ഒഴിവുകൾ ടി സീനിയോരിറ്റി ലിസ്റ്റ് പ്രകാരം പ്രമോഷൻ മുഖേന നികത്തുകയും ചെയ്യേണ്ടതാണ്. കോമൺ പൂളിനുള്ളിലെ ട്രാൻസ്ഫറിനും പ്രമോഷനും ജീവനക്കാർക്ക് അർഹതയുണ്ടായിരിയ്ക്കുമെങ്കിലും പൂളിന് പുറത്ത് സർക്കാർ സർവ്വീസിലേയ്ക്ക് ട്രാൻസ്ഫറുകൾക്കും പ്രമോഷനും ഇവർക്ക് അർഹതയുണ്ടായിരിയ്ക്കുകയില്ല. പി.എസ്.സി |

മുഖേന തിരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെ കോമൺപൂളിലുൾപ്പെടുത്താതെ അവരുടെ അഡ്വൈസ് തീയതി മുതൽ സീനിയോരിറ്റി കണക്കാക്കി സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തേണ്ടതും സർക്കാർ സർവ്വീസിലുണ്ടാകുന്ന പ്രമോഷനുകൾക്കും ട്രാൻസ്ഫറുകൾക്കും ഇവരെ പരിഗണിക്കേണ്ടതുമാണ്. അതിനാൽ പി.എസ്.സി മുഖേന പഞ്ചായത്ത് സ്കൂളുകളിൽ നിയമിക്കപ്പെട്ടവരാണെങ്കിൽ അവർക്ക് മറ്റ് സർക്കാർ സ്കൂളുകളിലേയ്ക്ക് സ്ഥലമാറ്റം അനുവദനീയമാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**